## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5536 | | | 27.03.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| പ്ലാസ്റ്റിക് ക്യാരി ബാഗുകൾ | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീമതി.പി.അയിഷാ പോറ്റി | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണ്; | (എ) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 24.09.2016-ലെ 576/ഡി.സി.1/16/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു മാസം കുറഞ്ഞത് 4000/- (നാലായിരം രൂപ) നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48000/- (നാല്പത്തെണ്ണായിരം രൂപ) പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് എന്നും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി വ്യാപാരികളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് എന്നും, പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം |

| | | | |
|---|---|---|---|
| | | | വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ് എന്നും പ്രസ്തുത സർക്കുലറിൽ നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയന്ത്രണങ്ങൾ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത സർക്കുലർ പ്രകാരമുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണങ്ങൾ കർശനമായും നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (സി) | ഇക്കാര്യത്തിലേക്കുള്ള കരട് മാതൃകാ ബൈലോ തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് പ്രസ്തുത ബൈലോ പാസ്സാക്കി സർക്കാർ നിയമങ്ങളും നിർദ്ദേശങ്ങളും അനുശാസിക്കും പ്രകാരം കർശന നടപടികൾ സ്വീകരിക്കുവാൻ കഴിയും |

സെക്ഷൻ ഓഫീസർ